തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി

200. [202] ശ്രീ. പി. വി. ശങ്കരനാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ രൂക്ഷമായ തൊഴിലില്ലായ്മ ഇല്ലാതാക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) കേരളത്തിൽ സർക്കാർ ഉടമയിൽ ഒരു റെഡിമെയ്ഡ് വസ്ത്ര നിർമ്മാണശാല തുടങ്ങാൻ വേണ്ട മേൽനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വ്യവസായ മേഖലയിൽ തുടങ്ങിയിട്ടുള്ളതും തുടങ്ങാൻ ഉദ്ദേശിക്കുന്നതുമായ എല്ലാ പദ്ധതികളും തൊഴിലധിഷ്ഠിതമാണ്.

(ബി) കേരളാ ഹാൻഡ്ലൂം ഫിനാൻസ് ആൻറ് ട്രെയിഡിംഗ് കോർപ്പറേഷന്റെ സബ്സിഡിയറിയായി രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു പൊതു മേഖലാ സ്ഥാപനമായ കേരളാ ഗാർമെൻറ്സ് ലിമിറ്റഡിന് 39.5 ലക്ഷം രൂപ മുതൽ മുടക്കി റെഡിമെയിഡ് വസ്ത്ര നിർമ്മാണം ആരംഭിക്കാൻ അനുമതി നൽകിക്കഴിഞ്ഞു. ഈ കമ്പനി ഉടൻതന്നെ ഉൽപാദനം തുടങ്ങുന്നതാണ്.

സ്റ്റീൽ കോംപ്ലക്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ

201. [203] ശ്രീ. എം. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട്ടെ ഇരുമ്പയിർ ഉപയോഗിച്ചുകൊണ്ട് ഒരു സ്റ്റീൽ കോംപ്ലക്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ എത്രത്തോളമായി ?

ഉത്തരം

കോഴിക്കോടു ജില്ലയിൽ ഇതുവരെ കണ്ടുപിടിക്കപ്പെട്ട ഇരുമ്പയിർ നിക്ഷേപം ഉപയോഗിച്ച് പ്രവർത്തിപ്പിക്കാനുദ്ദേശിക്കുന്ന സ്റ്റീൽ പ്ലാൻറിന്റെ സാമ്പത്തിക വിജയത്തെക്കുറിച്ച് വിശദമായ പഠനങ്ങൾ നടത്തേണ്ടതുണ്ട്. ഇതിലേക്കാവശ്യമായ നടപടികൾ എടുത്തുവരുന്നു.

ചവറയിലെ ടൈറ്റാനിയം കോംപ്ലക്സിന്റെ പ്രാരംഭപ്രവർത്തനങ്ങൾ

202. [204] ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചവറയിൽ സ്ഥാപിക്കുന്ന ടൈറ്റാനിയം കോംപ്ലക്സിന്റെ പ്രാരംഭപ്രവർത്തനങ്ങൾ എത്രത്തോളമായെന്ന് വ്യക്തമാക്കുമോ ;

(ബി) ആദ്യഘട്ടത്തിന്റെ പ്രവർത്തനം എന്ന് ആരംഭിക്കും ;

(സി) ഓരോ ഘട്ടത്തിലും എത്രപേർക്ക് തൊഴിൽ ലഭിക്കും ;

(ഡി) മൊത്തം ചെലവ് എത്ര രൂപയെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഈ) അനുബന്ധ വ്യവസായങ്ങൾക്കുള്ള സാദ്ധ്യത എത്രമാത്രമുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ടൈറാനിയം കോംപ്ലക്സ് ചവറയിൽ ശങ്കരമംഗലത്ത് സ്ഥാപിക്കുന്നതിനായി ഇരുന്നൂറ് ഏക്കറോളം സ്ഥലം പൊന്നുംവിലക്ക് ഏടുക്കുന്നതിനുള്ള പ്രവർത്തനം ധൃതഗതിയിൽ നടന്നുവരികയാണ്. രുണ്ടു വിദേശ സഹകരണ കമ്പനികളുമായി കരാറിൽ ഒപ്പുവച്ചു കഴിഞ്ഞു. മൂന്നാമത്തെ കമ്പനിയുമായി അധികം താമസിയാതെ ഒപ്പു വയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇന്ത്യാ ഗവൺമെൻറിന്റെ ഒരു സ്ഥാപനമായ MECON എന്ന കമ്പനിയെ എഞ്ചിനിയറിംഗ് കൺസൾട്ടൻറ്സ് ആയി നിയമിച്ചിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് കിട്ടിക്കഴിഞ്ഞു.

(ബി) ആദ്യഘട്ടത്തിന്റെ നിർമ്മാണ പ്രവർത്തനം 1977-ൽ ആരംഭിക്കാമെന്ന് പ്രതീക്ഷിക്കുന്നു. 1980-ൽ ഉൽപാദനം ആരംഭിക്കണമെന്നാണ് ഉദ്ദേശം.

(സി) കണക്കാക്കാൻ കുറച്ചുകൂടി താമസം വരും.

(ഡി) ടൈറാനിയം ഡയോക്സൈഡ് പിഗ്മെൻറ് പ്ലാൻറിന്റെ ആദ്യ ഘട്ടത്തിന് 54 കോടി രൂപയാണ് ചിലവ് കണക്കാക്കിയിട്ടുള്ളത്. മിനറൽ സെപ്പറേഷൻ പ്ലാൻറിന്റെ ചിലവ് കൃത്യമായി കണക്കാക്കിയിട്ടില്ല. ഏകദേശം 15 കോടി രൂപയോളംവരുമെന്ന് പ്രതീക്ഷിക്കുന്നു.

(ഈ) ഇതേപ്പറ്റിയുള്ള ബാദ്ധ്യത നിർണ്ണയിക്കാൻ കൂടുതൽ പഠനം ആവശ്യമാണ്.

വരൾച്ച ബാധിച്ച് കൃഷി നശിച്ച കർഷകർക്ക് ആനുകൂല്യങ്ങൾ

203. [205] ശ്രീ. കെ. എ. ശിവരാമഭാരതി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും തൊഴിലുംമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ ഫർക്കയെ ഗവൺമെൻറ് "വിള ഉണക്കു ബാധിത" പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ പ്രദേശത്തു കാർക്ക്, സൗജന്യ റേഷൻ നല്കുക കാർഷിക കടങ്ങൾക്കും മറ്റും മോറട്ടോറിയം പ്രഖ്യാപിക്കുക പുതിയ വിളയിറക്കാൻ വായ്പ്പകൾ അനുവദിക്കുക, ജലനികുതി തുടങ്ങിയ നികുതികൾ നിറുത്തി വയ്ക്കുക തുടങ്ങിയ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഈ വർഷം കാലവർഷം വൈകിയതിനാൽ കൃഷിക്ക് നഷ്ടം നേരിട്ട കൃഷിക്കാർക്ക് പൊതുവായി അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ (സൗജന്യ നിരക്കിൽ വിത്തു വിതരണം വളം വാങ്ങുന്നതിന് 25 ശതമാനം സബ്സിഡി ഹ്രസ്വകാല വായ്പാവിതരണം എന്നിവ) കൊഴിഞ്ഞാമ്പാറ ഫർക്കയിലും ലഭ്യമായി കഴിഞ്ഞിട്ടുണ്ട്. കൂടാതെ 50 ശതമാനത്തിലധികം കൃഷി നഷ്ടം നേരിട്ട കൃഷിക്കാർക്ക് അവർ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള ഹ്രസ്വകാല വായ്പകൾ മദ്ധ്യകാലവായ്പകളായി മാറ്റുന്നതിലേക്കായി ജില്ലാ കളക്ടർ സർട്ടിഫിക്കറ്റുകൾ നല്കിയിട്ടുണ്ട്.

2/341/S.

LIBRARY ARCHIVES Kerala Legislative Assembly